നം. ഇ5/4315/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 14.01.2013.

## പരിപത്രം

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - 2012-ലെ ഭൂസ്വത്ത് പത്രിക സമർപ്പിക്കുന്നത് - സംബന്ധിച്ച് :

സൂചന :-

സാമൂഹ്യ നീതി വകുപ്പിലെ എല്ലാ ഗസറ്റഡ് ജീവനക്കാരും 2012- ലെ ഭൂസ്വത്ത് പത്രിക നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സീൽ ചെയ്ത കവറിൽ 5.02.2013 - നകം ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

എല്ലാ ഓഫീസ്/സ്ഥാപന മേധാവികളും അവരവരുടെ കാര്യാലയത്തിൽ ജോലി നോക്കുന്ന നോൺ ഗസറ്റഡ് ജീവനക്കാരുടെ ഭൂസ്വത്ത് പത്രിക നിശ്ചിത ഫോറത്തിൽ സീൽ വെച്ച കവറിൽ വാങ്ങി 10.02.2013 - നകം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ ടി ജീവനക്കാരിൽ നിന്നും ഭൂസ്വത്ത് പത്രിക ലഭിച്ചതായി ഉറപ്പ് വരുത്തേണ്ടതും ആയത് സൂക്ഷിക്കേണ്ടതുമാണ്.

ഡയറക്ടറേറ്റിലെ എല്ലാ ഗസറ്റഡ് ഓഫീസർമാരും അവരവരുടെ ഭൂസ്വത്ത് പത്രിക സീൽ വെച്ച കവറിൽ 10.02.2013 -നകം E5 സീറ്റിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ സെക്ഷൻ മേധാവികളും അവരവരുടെ സെക്ഷനിലുള്ള നോൺ ഗസറ്റഡ് ജീവനക്കാരുടെ ഭൂസ്വത്ത് പത്രികകൾ സീൽ വെച്ച കവറിൽ വാങ്ങി സ്റ്റേറ്റ്മെന്റ് സഹിതം 10.02.2013 - ന് മുൻപായി E5 സീറ്റിൽ നൽകേണ്ടതാണ്.

ഭൂസ്വത്ത് പത്രിക സമയപരിധിയ്ക്കുള്ളിൽ നൽകേണ്ടത് ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വമാണ്. ആയത് കർശനമായി പാലിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ജീവനക്കാരുടെ പേരിൽ ഇനിയൊരറിയിപ്പ് കൂടാതെ തന്നെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

വിവരാവകാശ നിയമപ്രകാരം ഭൂസ്വത്ത് പത്രികയുടെ പകർപ്പ് നൽകേണ്ടി വരുമെന്നതിനാൽ എല്ലാ ജീവനക്കാരും ഭൂസ്വത്ത് പത്രിക കൃത്യമായി സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

1. എല്ലാ കാര്യാലയ മേധാവികൾക്കും.
2. ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും.

0273898

GOVERNMENT OF KERALA